

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# 2 കിലോ ഗ്രാം കഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ

2 കിലോഗ്രാം കഞ്ചാവുമായി ഒഡീഷ സ്വദേശിയെ എരിമയൂർ മേൽപ്പാലത്തിന് സമീപം വച്ച് പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. ഒറീസ, കന്തമൽ, സ്വദേശി ലിപുൻ ദിഗാൽ വ: 19 ആണ് പിടിയിലായത്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.



## രണ്ടുകിലോ കഞ്ചാവുമായി ഒഡിഷ സ്വദേശി പിടിയിൽ

ആലത്തൂർ ► രണ്ട് കിലോ ഗ്രാം കഞ്ചാവുമായി ഒഡിഷ സ്വദേശിയെ ദേശീയപാത എരിമയൂർ മേൽപ്പാലത്തിനുസമീപത്ത് പാലക്കാട് ലഹരിവിരുദ്ധ സ്ക്വാഡ് പിടികൂടി. ഒഡിഷ കാന്തമൽ,സ്വദേശി ലിപുൻ ദിഗാലാണ് (19) പിടിയിലായത്. ഡാൻസാഫ് സ്ക്വാഡിന്റെ പരിശോധനയിലാണ് ഇയാൾ കുടുങ്ങിയത്.

ലിപുൻ ദിഗാൽ

ഒഡിഷയിൽനിന്ന് ട്രെയിനിൽ കോയമ്പത്തൂരെത്തിച്ച കഞ്ചാവ് ബസ്സിലാണ് എരിമയൂരിലെത്തിച്ചത്. ആലത്തൂർ, വടക്കഞ്ചേരി മേഖല കേന്ദ്രീകരിച്ച് വിൽപ്പനയ്ക്കായാണ് കൊണ്ടുവന്നതെന്ന് പ്രതി പറഞ്ഞു.

കോയമ്പത്തൂരിൽനിന്ന് വരുന്നവഴി പാലക്കാട്ടെ ഇടപാടുകാർക്ക് രണ്ട് കിലോ കഞ്ചാവ് കൈമാറിയതായി ലിപുൻ ദിഗാൽ സമ്മതിച്ചു. എരിമയൂർ മേല്പാലത്തിനുസമീപം മറ്റൊരു സംഘത്തിന് കഞ്ചാവ് കൈമാറാനെത്തിയപ്പോഴാണ് കുടുങ്ങിയത്. ഇയാളിൽനിന്ന് കഞ്ചാവ് കൈപ്പറ്റാൻ കാറിലെത്തിയ സംഘം പോലീസിനെ കണ്ട് കടന്നുകളഞ്ഞു. ആലത്തൂർ സബ് ഇൻസ്പെക്ടർ അരുൺകുമാർ, സീനിയർ സി.പി.ഒ.മാരായ പ്രകാശൻ, ഉണ്ണിക്കൃഷ്ണൻ, സി.പി.ഒ. അഭിലാഷ്, ഹോം ഗാർഡ് സുരേന്ദ്രൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എ.എസ്.ഐ. ടി.ആർ. സുനിൽകുമാർ, റഹിം മുത്തു, സി. വിജയാനന്ദ്, സി.എസ്. സാജിദ്, ആർ. കിഷോർ, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, എച്ച്. ഷാജഹാൻ, ദിലീപ്, ആർ. രാജീദ്, എസ്. ഷമീർ എന്നിവരടങ്ങിയ സംഘമാണ് പിടികൂടിയത്.



പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്നാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ ഒരു ലക്ഷം രൂപയോളം വില വരും. ആലത്തൂർ, വടക്കഞ്ചേരി മേഖല കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ്. ഒറീസ്സയിൽ നിന്നും ട്രെയിൻ മാർഗ്ഗം കോയമ്പത്തൂരെത്തി ബസ്സ് മാർഗ്ഗമാണ് എരിമയൂരിലെത്തിയത്.

ആലത്തൂർ സബ് ഇൻസ്പെക്ടർ അരുൺകുമാർ, SCPO മാരായ പ്രകാശൻ, ഉണ്ണികൃഷ്ണൻ, CPO അഭിലാഷ്, ഹോം ഗാർഡ് സുരേന്ദ്രൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ASI. T.R. സുനിൽ കുമാർ, റഹിം മുത്തു, C.വിജയാനന്ദ്, C.S. സാജിദ്, R. കിഷോർ, സൂരജ് ബാബു , K അഹമ്മദ് കബീർ, R.വിനീഷ്, H.ഷാജഹാൻ, ദിലീപ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

..........................................................................................................